**പതിനാലാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 694** **24/01/2018-ൽ മറുപടിയ്ക്ക്**

# കേരള ബാങ്ക് രൂപീകരണം

| ചോദ്യം | | | മറുപടി |
|---|---|---|---|
| | **ശ്രീ. വി.ഡി.സതീശൻ**<br>**ശ്രീ. എം. വിൻസെന്റ്**<br>**ശ്രീ. വി.എസ്.ശിവകുമാർ**<br>**ശ്രീ. വി.പി.സജീന്ദ്രൻ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളെ ലയിപ്പിച്ച് 'കേരള ബാങ്ക്' രൂപീകരിക്കുന്നതിനുള്ള തീരുമാനം ഏത് ഘട്ടത്തിലാണ്; | (എ) | കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പ്രൊഫ. എം.എസ്.ശ്രീറാം ചെയർമാനായി സർക്കാർ 5 അംഗ വിദഗ്ധ സമിതിയെ നിയോഗിച്ചിരുന്നു. വിദഗ്ധ സമിതി 28.04.2017 ന് റിപ്പോർട്ട് സർക്കാറിന് സമർപ്പിച്ചു. കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും കേരള സഹകരണ ബാങ്ക് രൂപീകരണം പ്രായോഗിക തലത്തിൽ നടപ്പിലാക്കുന്നതിനായി നബാർഡിൽ നിന്നും ചീഫ് ജനറൽ മാനേജരായി റിട്ടയർ ചെയ്ത ശ്രീ. വി.ആർ. രവീന്ദ്രനാഥ് ചെയർമാനായി ഒരു ടാസ്ക് ഫോഴ്സിനെ നിയോഗിച്ചിട്ടുണ്ട്. ഇപ്രകാരം നിയോഗിച്ച ടാസ്ക് ഫോഴ്സ് പ്രവർത്തനം ആരംഭിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് റിസർവ്വ് ബാങ്കിന്റെ അനുമതി വാങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ബാങ്കിന് റിസർവ് ബാങ്കിന്റെയും നബാർഡിന്റെയും അനുമതി ലഭിച്ചിട്ടുണ്ടോ; ഇതിനുള്ള അപേക്ഷ എന്നാണ് സമർപ്പിച്ചത്; വ്യക്തമാക്കുമോ; | (ബി) യും (സി) യും | സംസ്ഥാന സഹകരണ ബാങ്കും, ജില്ലാ സഹകരണ ബാങ്കുകളും ലയിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിന് തത്വത്തിലുള്ള അനുമതിയ്ക്കായി റിസർവ് ബാങ്കിനും നബാർഡിനും അപേക്ഷ നൽകിയിട്ടുണ്ട്. 31.08.2017 തീയതിയിലെ ചീഫ് സെക്രട്ടറിയുടെ അർദ്ധ ഔദ്യോഗിക കത്ത് മുഖേനയാണ് അപേക്ഷ നൽകിയത്. സംസ്ഥാന സഹകരണ ബാങ്കും, ജില്ലാ സഹകരണ ബാങ്കുകളും ലയിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിന് പാലിക്കേണ്ട നടപടികൾ റിസർവ് ബാങ്ക് അറിയിച്ചിട്ടില്ല. നബാർഡിന്റെ നിർദ്ദേശാനുസരണമുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | റിസർവ് ബാങ്ക് ഇതുസംബന്ധിച്ച് എന്തെങ്കിലും വിശദീകരണം ആരാഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ? | | |

**സെക്ഷൻ ഓഫീസർ**